File No.FWLD-D2/38/2019-FWLD

പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

12.02.2019-ൽ മറുപടിയ്ക്ക്.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2631

## ആനകളുടെ സംരക്ഷണം

**ചോദ്യം**

ശ്രീ.പി.കെ.ശശി

ശ്രീ.കാരാട്ട് റസാഖ്

ശ്രീ.ഐ.ബി.സതീഷ്

ശ്രീ.ഡി.കെ.മുരളി

(എ) കാട്ടാനകളുടെയും നാട്ടാനകളുടെയും സംരക്ഷണത്തിനായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

**ഉത്തരം**

അഡ്വ.കെ.രാജു

(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി)

(എ) കാട്ടാനകളുടെയും നാട്ടാനകളുടെയും സംരക്ഷണത്തിനായി നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും കർശനമായി പാലിക്കുന്നു എന്ന് ഉറപ്പാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

നാട്ടാനകളോടുള്ള ക്രൂരത ഒഴിവാക്കാനും മികച്ച പരിപാലനം ഉറപ്പാക്കുന്നതിനും ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് കൊണ്ട് വിവിധ സർക്കുലറുകൾ ഇറക്കിയിട്ടുള്ളതും, നിർദ്ദേശങ്ങൾ ആന ഉടമസ്ഥരും പാപ്പാൻമാരും പാലിക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നുമുണ്ട്.

നാട്ടാനകളോട് ക്രൂരത കാണിച്ചു എന്ന് ബോദ്ധ്യപ്പെട്ടാൽ ബന്ധപ്പെട്ടവർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുന്നുണ്ട്. നാട്ടാനകളുടെ സഞ്ചാരവും ജോലി ഭാരവും നിരീക്ഷിക്കുന്നതിലേയ്ക്കായി ഓൺലൈൻ മോണിറ്ററിംഗ് പോർട്ടൽ രൂപീകരിച്ചിട്ടുള്ളതും, നാട്ടാനയുടെ വിവരങ്ങൾ യഥാസമയം അപ്‌ലോഡ് ചെയ്യുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിൽ 96 ആനകളെ ഇത്തരത്തിൽ നിരീക്ഷിച്ചു വരുന്നു.

വർദ്ധിച്ചുവരുന്ന നാട്ടാനകളുടെ മരണ നിരക്കിന്റെ കാരണങ്ങൾ പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുവാൻ ഒരു വിദഗ് ധ സമിതിയെ നിയോഗിക്കുകയും, സമിതിയുടെ നിർദ്ദേശാനുസരണം 40 വയസ് കഴിഞ്ഞ എല്ലാ ആനകൾക്കും മെഡിക്കൽ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമെ പൊതു പരിപാടികളിൽ ഉപയോഗിക്കുന്നതിന് അനുമതി നൽകാവൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് 512 നാട്ടാനകളുടെ ഡി.എൻ.എ പ്രൊഫൈലിംഗ് പൂർത്തിയാക്കിയിട്ടുണ്ട്. കാട്ടാനകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രോജക്ട് എലിഫന്റ് പദ്ധതി നടപ്പിലാക്കി വരുന്നു.

(ബി) ആന ഉടമകളുടെ വിശദാംശങ്ങൾ, ആനകളുടെ ഭാരം, അളവുകൾ ഇടങ്ങിയവ തിരിച്ചറിയുന്നതിനുള്ള മൈക്രോ ചിപ്പുകൾ എന്നിവ സഹിതം നാട്ടാനകളുടെ ഡി.എൻ.എ. പ്രൊഫൈലിംഗ് പൂർത്തിയാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ആനകളുടെ ശാരീരികമായ എല്ലാ അളവുകളും, നിലവിലെ കൈവശക്കാരന്റെയും പാപ്പാന്മാരുടേയും വിവരങ്ങളും, ആനയെ തിരിച്ചറിയാനുള്ള ഫോട്ടോകളും, ആനയിൽ ഘടിപ്പിച്ചിട്ടുള്ള മൈക്രോചിപ്പ് നമ്പരിന്റെ വിവരവും, ആനയ്ക്ക് ലഭ്യമാക്കിയിരിക്കുന്ന പാർപ്പിട സൗകര്യത്തിന്റെ വിവരവും, ചട്ടപ്രകാരം ആനയ്ക്ക് സൂക്ഷിക്കേണ്ട രേഖകളുടെ വിവരങ്ങളും ശേഖരിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ 5 1 2 നാട്ടാനകളുടെ ഡി.എൻ.എ. പ്രൊഫൈലിംഗ് പൂർത്തിയാക്കിയിട്ടുണ്ട്. നിലവിൽ മദപ്പാടിലുള്ള 5 നാട്ടാനകളുടെ രക്ത സാമ്പിളുകൾ ശേഖരിക്കുവാൻ കഴിയാത്തതിനാൽ ഡി.എൻ.എ. പ്രൊഫൈലിംഗ് പൂർത്തിയാക്കുവാൻ കഴിഞ്ഞിട്ടില്ല. ടി നാട്ടാനകളുടെ രക്ത സാമ്പിളുകൾ ശേഖരിച്ച് ഡി.എൻ.എ. പ്രൊഫൈലിംഗ് പൂർത്തിയാക്കുവാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

(സി) തിരുവനന്തപുരത്ത് കോട്ടൂരിൽ ആധുനിക സൗകര്യങ്ങളോട്ടുകൂടിയ ആന പുനരധിവാസ കേന്ദ്രം സ്ഥാപിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) തിരുവനന്തപുരത്ത് കോട്ടൂരിൽ ആധുനിക സൗകര്യങ്ങളോട് കൂടിയ ആന പുനരധിവാസ കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള പ്രഖ്യാപനം 2016-17 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിരുന്നു. കിഫ്ബിയിൽ നിന്നും 105 കോടി രൂപ അനുവദിക്കുവാനും തീരുമാനിച്ചിരുന്നു. 50 ആനകളെ വരെ പാർപ്പിക്കാനുള്ള സൗകര്യം, കുട്ടിയാനകളെ പരിചരിക്കുന്നതിനുള്ള സൗകര്യം, ആധുനിക വെറ്റിനറി ആശുപത്രി, ആനകൾക്ക് ഭക്ഷണം തയ്യാറാക്കുന്നതിനുള്ള ആധുനിക അടുക്കള, മാലിന്യ സംസ്കരണ സംവിധാനങ്ങൾ, ആന മ്യൂസിയം, ജലാശയങ്ങളുടെ നിർമ്മാണം, സന്ദർശകർക്കുള്ള സൗകര്യങ്ങൾ എന്നിവ ഉൾപ്പെടെ 108.21 കോടി രൂപയുടെ പദ്ധതി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഒന്നാം ഘട്ട പ്രവർത്തനങ്ങൾക്ക് 71.92 കോടി രൂപ കിഫ്ബിയിൽ നിന്നും 17.01.2019 ൽ അനുവദിച്ചിട്ടുണ്ട്. ഈ ജോലികൾക്കുള്ള സാങ്കേതികാനുമതി നൽകുന്ന നടപടി ഇപ്പോൾ നടന്നു വരുന്നു.

(ഡി) തിരുനെല്ലി-കുദ്രക്കോട് എലിഫെന്റ് കോറിഡോർ സ്ഥാപിക്കുന്നതിനായി ഏറ്റെടുത്ത ഭൂമി വന്യജീവി സങ്കേതമായി പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

(ഡി) തിരുനെല്ലി- കുദ്രക്കോട് എലിഫെൻറ് കോറിഡോർ സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത എലിഫെൻറ് കോറിഡോർ സ്ഥാപിക്കുന്നതിനായി 1 8 ഏക്കർ സ്ഥലം ഏറ്റെടുത്ത് വിജ്ഞാപനം ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ